# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 464 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സെസ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി പണം സമാഹരിക്കുന്നതിന് ജി.എസ്.ടി.ക്ക് പുറമെ ഒരു ശതമാനം സെസ്സ് ചുമത്തുവാൻ ജി.എസ്.ടി. കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | 32-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം എല്ലാ നികുതിവിധേയമായ ചരക്കുകളെയും സേവനങ്ങളുടെയും പുറത്തുള്ള സംസ്ഥാനചരക്കുസേവനനികുതിക്കു പുറമേ 1% ൽ കൂടാത്ത നികുതി സെസ്സായി ഏർപ്പെടുത്താൻ കേരള സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എത്ര വർഷത്തേക്ക് സെസ്സ് ചുമത്തുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 01/04/2019 മുതൽ 2 വർഷത്തേയ്ക്കാണ് ഇതിനുള്ള അനുമതി നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത സെസ്സ് ചുമത്തുന്നതിലൂടെ പ്രതിവർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; | (സി) | പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള വിഭവ സമാഹരണത്തിനായാണ് സെസ്സ് ചുമത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. ഏകദേശം 600 കോടി രൂപ ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും പ്രളയദുരന്തത്തിനിരയായവർ ആണെന്നിരിക്കെ അവരുടെ മേൽ വീണ്ടും സെസ്സ് ചുമത്തുന്നത് ദുരന്തത്തിൽപ്പെട്ടവർക്ക് കൂടുതൽ | (ഡി) | രജിസ്ട്രേഷനുള്ള വ്യാപാരികൾ സംസ്ഥാനത്തിനകത്ത് നടത്തുന്ന ചരക്കുകളുടേയും, സേവനങ്ങളുടെയും അവസാന വിതരണഘട്ടത്തിൽ, അതായത് ഉപഭോക്താക്കൾക്കും രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികൾക്കും |

| | | | |
|---|---|---|---|
| | ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | | നൽകുന്ന വിതരണത്തിന്റെ മൂല്യത്തിനു മുകളിൽ (ബി&സി) മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. 12, 18, 28 ശതമാനത്തിൽ വരുന്ന ചരക്കുകളുടേയും, സേവനത്തിനും മുകളിൽ മാത്രമാണ് സെസ് ഏർപ്പെടുത്തിയിട്ടുള്ളത്. സ്വർണ്ണം, സ്വർണ്ണാഭരണങ്ങൾ, വെള്ളി തുടങ്ങിയവയുടെ മുകളിൽ 0.25 ശതമാനം മാത്രമാണ് സെസ്. വിതരണത്തിന്റെ അവസാന ഘട്ടത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സെസ് പരമാവധി വില്പന വിലയ്ക്കുമുകളിൽ അധികരിക്കാത്തതുകൊണ്ടും, 1.5 കോടി വരെ കോമ്പോസിഷൻ സ്വീകരിച്ചിട്ടുള്ളവരെ ഒഴിവാക്കിയതിനാലും ബുദ്ധിമുട്ട് ഉണ്ടാകും എന്ന് കരുതുന്നില്ല. |
| (ഇ) | അവശ്യ വസ്തുക്കളെ സെസ്സിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | (ഇ) | അവശ്യ വസ്തുക്കൾ 5% നികുതി നിരക്കിലാണ് ഉൾപ്പെടുന്നത്. അവയെ സെസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**